2. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ-എ -ഡിവിഷൻ.

3. സഹകാര്യ മേഖലയിലെ മദുരാ കോട്സ് സൗത്ത് ഇൻഡ്യ വയർ റോപ്സ്.

ടി.ടി.പി.യിൽ നിന്നുള്ള മലിനീകരണം

106(1342)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് പുറപ്പെടുവിക്കുന്ന മലിനീകരണപ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ പരിസരവാസികളിൽ നിന്നും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മലിനീകരണപ്രശ്നത്തെക്കുറിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഏതെങ്കിലും കമ്മിറ്റിയേയോ ഏജൻസിയേയോ നിയോഗിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ജി) നിയമസഭാ പരിസ്ഥിതി കമ്മിറ്റി മലിനീകരണപ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ടി.ടി.പി. പുറംതള്ളുന്ന മലിനജലം സംസ്ക്കരിക്കുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ഐ) ഇവ പര്യാപ്തമല്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ മലിനജലം സംസ്ക്കരിക്കുന്നതിനുള്ള പദ്ധതികൾക്കായി വിദേശ രാഷ്ട്രങ്ങളുമായോ ഏജൻസികളുമായോ ഗവൺമെന്റ് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിനായി ഒരു ന്യൂട്രലൈസേഷൻ പ്ലാന്റ് തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. താമസിയാതെ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

(സി) ഉണ്ട്.

(ഡി)&(ഇ) ഡോ. എ.ഡി. ദാമോദരൻ ചെയർമാനായുള്ള ഒരു കമ്മിറ്റിയെ ഇതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

നിയമിച്ചിരുന്നു. കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(എഫ്) കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജലമലിനീകരണം ഒഴിവാക്കുന്നതിന് ന്യൂട്രലൈസേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് പ്രവർത്തിക്കുന്നതുമൂലമുള്ള മലിനീകരണപ്രശ്നങ്ങളും മറ്റ് അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് തദ്ദേശവാസികളുടെ പ്രതിനിധികളും കമ്പനി മാനേജ്മെന്റും തമ്മിൽ സർക്കാർതലത്തിൽ 22.2.2000-ൽ ഒരു ചർച്ച നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വായുമലിനീകരണം അനുവദനീയമായ തോതിലാണോ എന്ന് പരിശോധിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്) ടി.ടി.പി. പുറംതള്ളുന്ന മലിനജലം സംസ്ക്കരിക്കുന്നതിന് താഴെപ്പറയുന്ന സംവിധാനങ്ങളാണ് നിലവിലുള്ളത്.

1. മലിനജലം ശുദ്ധജലമായി ചേർത്ത് 2% ആസിഡ് വീര്യമാക്കി നേർപ്പിച്ചുവിടുന്നു.

2. ഖരവസ്തുക്കൾ ഫിൽറ്റർപ്രസ്സ് ഉപയോഗിച്ച് വേർതിരിക്കുകയും പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് നിക്ഷേപിക്കുകയും ചെയ്യുന്നു.

3. ഫിൽറ്റർ പ്രസ്സിൽനിന്നും കിട്ടുന്ന ആസിഡ് വീണ്ടും പ്രോസ്സസിൽ ഉപയോഗിക്കുന്നതിനുള്ള സംവിധാനം.

(ഐ) ഉണ്ട്.

(ജെ) ഇല്ല. ന്യൂട്രലൈസേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ചെറികട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ

107 (1344) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ രജിസ്ട്രേഷൻ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ;

(ബി) വനിതാ സഹകരണ സംഘങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർ നടത്തുന്ന സഹകരണസംഘങ്ങൾക്കും പ്രവർത്തന മൂലധനമായി വ്യവസായ വകുപ്പ് സാമ്പത്തികസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഒരു പഞ്ചായത്തിൽ ഒരു വ്യവസായ യൂണിറ്റെങ്കിലും ആരംഭിക്കണമെന്നുള്ള പദ്ധതിപ്രകാരം എത്ര പഞ്ചായത്തുകളിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly